# മലേഷ്യയിലേക്ക് ഒരു യാത്ര

അന്നൊരു ഞായറാഴ്ച ദിവസം വൈകുന്നേരം പത്ത് മണി, യാത്രയ്ക്കുള്ള തയ്യാറെടുപ്പിനുള്ള സമയമായിരിക്കുന്നു, ഞാൻ എന്റെ വസ്ത്രങ്ങൾ ധരിച്ചു, ബാഗ് പൂട്ടി, എന്നോടൊപ്പം എന്റെ ഉമ്മയും ഉപ്പയും ഏറ്റവും ഇളയ അനുജനും വിമാനത്താവളത്തിലേക്ക് വന്നു, പുറപ്പെടുന്നതിന് മുമ്പ് എൻറെ സഹോദരന്മാരോട് വിട പറഞ്ഞു, ഞാൻ ദീർഘ കാലം വിട്ടുനിൽക്കാന്പോകുന്നത് പോലെ, എന്നാൽ (ശരിക്കും) യാത്രയുടെ കാലയളവ് വെറും അഞ്ചു ദിവസം മാത്രമാണ്. ഞങ്ങൾ വിമാനത്താവളത്തിൽ എത്തുമ്പോൾ അർദ്ധരാത്രി കഴിഞ്ഞ് പന്ത്രണ്ട് മണിയായിരുന്നു, എന്റെ വിമാനം പറന്നുയരേണ്ട സമയം അർദ്ധരാത്രി കഴിഞ്ഞ് ഒന്നേ കാലിനാണ്, ബോർഡിംഗ് സമയമാവുന്നത് വരെ വിമാനത്തിൽ കയറാനുള്ള വിളിയും പ്രതീക്ഷിച്ചു ഞാൻ കാത്തിരുന്നു, അപ്പോൾ ഞാനിവിടെ ഒരു ഇന്തോനേഷ്യൻ സ്ത്രീയുടെ അടുത്താണ് ഉള്ളത്. പുലർച്ചെ രണ്ടേ കാൽ വരെ വിമാനം ടേക്ക് ഓഫ് ചെയ്യാൻ വൈകി.

ഒമാൻ വിമാനം ക്വാലാലംപൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇതാ വന്നിറങ്ങിയിരിക്കുന്നു. (അപ്പോൾ) മലേഷ്യൻ സമയം ഉച്ചയ്ക്ക് പന്ത്രണ്ടേ മുപ്പത് ആയിരുന്നു. രണ്ട് രാജ്യങ്ങളും തമ്മിലുള്ള സമയ വ്യത്യാസം നാല് മണിക്കൂറാണ്. സുരക്ഷിതമായി എത്തിച്ചേർന്നതിൽ ഞാൻ അല്ലാഹുവിനെ സ്തുതിച്ചു, പിന്നീട് ഞങ്ങൾ മെട്രോയിൽ കയറി, അതിനുശേഷം ബസിലും, എനിക്ക് ക്വാലാലംപൂർ നഗരം നോക്കിക്കാണുവാനുള്ള അവസരം ലഭിക്കാൻ വേണ്ടി ഞാൻ ജാലകത്തിനരികിൽ ഇരിക്കുന്നത് തിരഞ്ഞെടുത്തു.

വൈകുന്നേരം രണ്ട് മണിക്ക് ബസ് പുറപ്പെട്ടു, ഞങ്ങൾ ഒരു മണിക്കൂറിന് ശേഷം "സെൻട്രൽ" സ്റ്റേഷനിൽ എത്തി, അങ്ങിനെ ഞാൻ ഇറങ്ങി ഹോട്ടലിലേക്ക് ഒരു മിനിബസിനായി കാത്തുനിന്നു, അധികം കാത്തുനിൽക്കേണ്ടി വന്നില്ല അപ്പോഴേക്കും മിനി ബസ് വന്നു. സ്റ്റേഷനിൽ നിന്ന് വളരെ അകലെയായിരുന്നില്ല ഹോട്ടൽ, ഞാൻ ചെക്ക്-ഇൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി. എന്റെ മുറി 25ആം നിലയിലായിരുന്നു. ഞാൻ റൂമിലേക്കുള്ള ലിഫ്റ്റിൽ പ്രവേശിച്ചു, അവിടെ സൌജന്യ വൈഫൈ സേവനം ഉണ്ടായിരുന്നു, അത് കൊണ്ട്

ഞാൻ എന്റെ കുടുംബവുമായി സംസാരിച്ചു, ഇപ്പോൾ (സമയം) വൈകുന്നേരം അഞ്ച് മണി, ഞാൻ ഫോൺ എടുത്ത് ഇരട്ട ഗോപുരങ്ങളിലേക്കുള്ള വഴി കണ്ടെത്താനായി GPS ഓൺ ചെയ്തു. രണ്ട് ടവറുകളും നിൽക്കുന്നത് ഹോട്ടൽ സൈറ്റിൽ നിന്ന് പത്ത് മിനിറ്റിനുള്ളിൽ നടന്നെത്താവുന്ന അത്രയും അടുത്താണെന്ന് എനിക്ക് മുൻകൂട്ടി അറിയാമായിരുന്നു. ഞാൻ വേഗത്തിൽ പുറത്തിറങ്ങി, (അവിടെ) നടന്നെത്തിയ ശേഷം രണ്ട് ഗോപുരങ്ങകളും എന്റെ കൺമുന്നിൽ ഞാൻ കണ്ടു, അതിനടുത്തായി ഒരു വലിയ ട്രേഡ് സെന്റർ (മാൾ) ഉണ്ട്. ഞാൻ ചുറ്റിനടന്ന് കടകൾ കണ്ടു, അപ്പോൾ (സമയം) വൈകുന്നേരം ഏഴ് മണി. ഞാൻ വേഗത്തിൽ മടങ്ങാൻ തീരുമാനിച്ചു, ഞാൻ സുരക്ഷിതമായി ഹോട്ടലിൽ എത്തി റൂമിൽ പ്രവേശിച്ചു.

പിറ്റേന്ന് ഞാൻ രാവിലെ അഞ്ച് മണിക്ക് ഉറക്കമുണർന്നു, ഇന്ന് ദൌത്യനിർവഹണത്തിന്റെ ദിവസമാണ്, എനിക്ക് കെപിജെ ഹോസ്പിറ്റലിന്റെ മാർക്കറ്റിംഗ് മാനേജർ ആയ മാഡം നൂറുമായി ആശയവിനിമയം നടത്തേണ്ടതുണ്ട്, ഹെൽത്ത് കോൺഫറൻസും എക്സിബിഷനും ഇവിടെ വളരെ അടുത്തുള്ള ഒരു സെന്ററിൽ ആണ് നടത്തപ്പെടുന്നത്, ഇന്ന് എനിക്ക് ചെയ്യേണ്ടത് മുഴുവൻ ഒറ്റക്കാര്യമാണ് അത് ഈ സെന്ററിൽ വെച്ച് ഈ മാഡവുമായി കൂടിക്കാഴ്ച നടത്തുവാനുള്ള ഒരു അപ്പോയന്റ്മെന്റ് ഫിക്സ് ചെയ്യുക എന്നുള്ളതാണ്.

(ആദ്യം) പ്രഭാതഭക്ഷണം കഴിക്കാന് പോവാനും അതിനു ശേഷം ഈ കോൾ ചെയ്യാൻ വേണ്ടി തിരിച്ചുവരാനും ഞാൻ തീരുമാനിച്ചു. (അങ്ങിനെ) അത് കഴിഞ്ഞ ശേഷം ഞാൻ മുറിയിലേക്ക് തിരിച്ചു വരികയും ഈ മാഡത്തെ വിളിക്കുകയും ചെയ്തു, പക്ഷേ എനിക്ക് മറുപടിയൊന്നും ലഭിച്ചില്ല, എക്സിബിഷൻ നടക്കുന്ന സെന്ററിലേക്ക് പോകാൻ ഞാൻ തീരുമാനിച്ചു, സെന്ററിൽ എത്തുന്നതുവരെ ഇവിടെ നിന്ന് ഞാൻ നടന്നിട്ടാണ് പോയത്. അതിനു ശേഷം ഞാൻ മാഡം നൂറുവെ വിളിച്ചു, അവൾ എക്സിബിഷനിലെ ഹോസ്പിറ്റൽ സെക്ഷനിൽ ഉണ്ടെന്ന് എന്നോടു പറഞ്ഞു, അപ്രകാരം ഞാൻ വീണ്ടും എക്സിബിഷൻ ഹാളിലേക്ക് പോവുകയും മാഡം നൂറുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു, ഞങ്ങൾ ചർച്ച പൂർത്തിയാക്കിയ ശേഷം ഹോസ്പിറ്റലിലേക്ക്

ഒരു സന്ദർശനത്തിന് വേണ്ടി പോകാമോ എന്ന് ഞാൻ അവളോട് ചോദിച്ചു, അപ്പോൾ അവൾ ഈ ആശയത്തെ പിന്തുണക്കുകയും ഞാൻ എത്തിയാലുടനെ എന്നെ അവിടെ സ്വീകരിക്കാൻ പ്രൊഫസർ വൈറുദ്ദീനോട് പറയാമെന്ന് അവൾ എന്നോട് പറയുകയും ചെയ്തു, പിന്നീട് എനിക്കൊരു ടാക്സി കിട്ടുന്നത് വരെ ഞങ്ങൾ നടന്നു.

ഞാൻ ഹോസ്പിറ്റലിലെത്തി പ്രൊഫസർ വൈറുദ്ദീനെ വിളിച്ചു, അദ്ദേഹം (മുന്നിൽ) ഹാജരായതേയുള്ളൂ അപ്പോഴേക്കും ഞങ്ങൾ ആശംസകൾ കൈമാറി, ഞങ്ങൾ ഹോസ്പിറ്റലിന്റെ വകുപ്പുകളൊക്കെ ചുറ്റിസന്ദർശിച്ചു, പിന്നീട് ഉച്ചഭക്ഷണം കഴിച്ചു, ക്ഷണത്തിന് ഞാൻ അദ്ദേഹത്തോട് നന്ദിയും പറഞ്ഞു. മലേഷ്യയിലെ അറിയപ്പെടുന്ന ഒരു ട്രേഡ് സെന്ററിലേക്ക് എന്നെയും കൂട്ടി പോകുന്നതിനെ പറ്റിയുള്ള നിർദ്ദേശം വൈറുദ്ദീൻ മുന്നോട്ട് വെച്ചു. എനിക്ക് അത് ഷോപ്പിംഗ് നടത്താനുള്ള അവസരമായതിനാൽ ഞാൻ സമ്മതിച്ചു. ട്രേഡ് സെന്റെർ സന്ദർശിച്ച ശേഷം ഞങ്ങൾ മടങ്ങി. (അപ്പോൾ) സമയം വൈകുന്നേരം അഞ്ചര മണിയായിരുന്നു അതായത് എല്ലാവരും വീട്ടിലേക്ക് മടങ്ങുന്ന സമയം, അങ്ങിനെ ഞാൻ ഇരട്ട ഗോപുരങ്ങളുടെ അടുത്തേക്ക് മെട്രോയിൽ മടങ്ങി, അവിടെ നിന്ന് ഞാൻ ഹോട്ടലിലേക്ക് നടന്നു.

ഇന്നലെ നടന്ന എഗ്രിമെന്റ് പ്രകാരം ഞാൻ വീണ്ടും ട്രേഡ് ബിൽഡിംഗിൽ മാഡം നൂറുമായി ഒരിക്കൽ കൂടി കൂടിക്കാഴ്ച നടത്തും, ഈ ദിവസം ഒരു യോഗം ഉണ്ടാകും, കൂടിക്കാഴ്ച പതിനൊന്ന് മണിക്ക് ആണ്, അങ്ങിനെ ഞാൻ ട്രേഡ് സെന്ററിലേക്ക് പോയി, മാഡം നൂറുമായി കൂടിക്കാഴ്ച നടത്തി, പിന്നെ ഞങ്ങൾ ഡിസ്കഷൻ ഹാളിലേക്ക് പ്രവേശിച്ചു, രണ്ടു ഒമാനി കമ്പനികളുടെ പ്രതിനിധികളുമായി സംഭാഷണം നടത്തി, പിന്നീട് ഞാൻ മാഡം നൂറുവോട് വിട പറഞ്ഞു കാരണം ഇനി എനിക്ക് വീണ്ടും അവളെ കാണാൻ പറ്റിയെന്നു വരില്ല. ശേഷം ഞാൻ പ്രൊഫസർ വൈറുദ്ദീനോട് സംസാരിക്കാൻ വേണ്ടി (ഹോസ്പിറ്റലിലേക്ക്) ചെല്ലുകയും ചില ഫയലുകൾ അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്തു. പിന്നെ റെസ്റ്റോറന്റിൽ വെച്ച് ഉച്ചഭക്ഷണം കഴിച്ചു, അതിനുശേഷം ഞാൻ ട്രേഡ് ബില്ടിംഗിലേക്ക് മടങ്ങി, മിസ് അമലുമായുള്ള കൂടിക്കാഴ്ചയുടെ സമയം ആവുന്നത് വരെ ഞാൻ അതിനടുത്തുള്ള പൂന്തോട്ടത്തിൽ നടന്നു, (അപ്പോൾ) സമയം

വൈകുന്നേരം നാല് മണി, അമൽ എന്നെ വിളിച്ചു, തുടർന്ന് ഞങ്ങൾ പവലിയൻ മാളിൽ എത്തുന്നതുവരെ എയർകണ്ടീഷൻ ചെയ്ത പാലത്തിൽ ഒരുമിച്ച് നടന്നു, പിന്നെ കടകളാൽ ചുറ്റപ്പെട്ട ഈ ഏരിയയിൽ ഞങ്ങൾ ചുറ്റിസന്ദർശനം തുടർന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഒരു കഫേയിൽ വിശ്രമിക്കാൻ വേണ്ടി (കറക്കം) നിർത്താമെന്ന് ഞങ്ങൾ തീരുമാനിച്ചു, "ടീ ലീഫ് & ദി കോഫി ബീൻസ്" കഫേയിൽ ഇരിക്കുന്നത് ഞങ്ങൾ തെരഞ്ഞെടുത്തു, പിന്നീട് അവളോട് വിടപറഞ്ഞു, അതിനുശേഷം ഞാൻ ഹോട്ടലിലേക്ക് മടങ്ങി.

ബുധനാഴ്ച കഴിയുന്നതോടുകൂടി എന്റെ ഔദ്യോഗിക ദൗത്യം അവസാനിച്ചു, വ്യാഴാഴ്ചയാവട്ടെ (വിനോദത്തിനുള്ള) ഒഴിവ് ദിവസമാണ്. **Genting Highlands, Bird Park, Malaysia Museum** എന്നിവ പോലെ ചരിത്ര സാംസ്കാരിക പ്രാധാന്യമുള്ള നിരവധി സ്ഥലങ്ങൾ ഞാൻ ആ ദിവസം സന്ദർശിച്ചു, ചുറ്റിസന്ദർശനം അവസാനിച്ചതിനുശേഷം ഞാൻ ഹോട്ടലിലേക്ക് മടങ്ങി, എന്നാൽ മടങ്ങിയതിന് ശേഷം (നാട്ടിലേക്കുള്ള) തിരിച്ചു പോക്കിന് തയ്യാറായിക്കൊണ്ട് ഞാൻ എന്റെ ബാഗുകൾ പാക്ക് ചെയ്തു. പുലർച്ചെ നാലുമണിക്ക് എഴുന്നേൽക്കാൻ ഞാൻ (വേഗം) ഉറങ്ങാൻ കിടന്നു. യാത്രക്ക് വേണ്ടി (എല്ലാം) ഞാൻ ഒരുക്കിവെച്ചു, ഇന്റർനെറ്റിലൂടെ വിമാനത്തിനുള്ള പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാക്കി.

ഖൈറുദ്ദീൻ (ഇവിടെ) വന്നിട്ടുണ്ടെന്ന് എന്നെ അറിയിക്കാൻ എന്റെ ഫോണിൽ ഇതാ അദ്ദേഹം വിളിക്കുന്നു. അപ്പോൾ ഞാൻ പുറത്തിറങ്ങി, (അവസാനം) ഞങ്ങൾ ഇതാ ഇവിടെ വിമാനത്താവളത്തിലെത്തി, പോകേണ്ട സമയമായപ്പോൾ ഞാൻ പ്രൊഫസർ ഖൈറുദ്ദീനോട് സേവനത്തിനു നന്ദി പറഞ്ഞു, അങ്ങിനെ വിമാനത്തിൽ കയറിയതോടുകൂടി മലേഷ്യ യാത്ര അവസാനിച്ചു, ലാൻഡിംഗിന് ശേഷം എന്റെ പ്രിയപ്പെട്ട ഉപ്പ എന്നെ സ്വീകരിച്ചു. യാത്രാ മധ്യേ ദിവസങ്ങളോളം എനിക്ക് നഷ്ടപ്പെട്ട കത്തിയെരിയുന്ന സൂര്യന്റെ ചൂട് ആസ്വദിച്ചു കൊണ്ട് മലേഷ്യയിലെ എന്റെ ട്രിപ്പിനെ കുറിച്ച് ഞാൻ അദ്ദേഹത്തോട് പറയാൻ തുടങ്ങി........

---------------------------------------

**Thasneem Kuttiady**
**thasneemp@gmail.com**